(സി) പ്രസ്തുത കേസ്സിലെ പ്രതികളെ ആരെയെങ്കിലും അറസ്റ്റ് ചെയ്യാനുണ്ടോ;

(ഡി) പ്രസ്തുത കേസ്സിന്റെ ക്രൈം നമ്പർ എത്ര;

(ഇ) കേസ് രജിസ്റ്റർ ചെയ്തത് ഏതു പോലീസ് സ്റ്റേഷനിലായിരുന്നു;

(എഫ്) എന്നായിരുന്നു രജിസ്റ്റർ ചെയ്തത്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരാളിന്റെ പേരിൽ

(സി) ചാലക്കമ്പോളത്തിലെ ചുമട്ടുതൊഴിലാളി സുൽത്താൻ എന്നു വിളിക്കുന്ന കൃഷ്ണൻകുട്ടിയെ അറസ്റ്റ് ചെയ്യേണ്ടതുണ്ട്.

(ഡി) ഫോർട്ട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 187/82

(ഇ) ഫോർട്ട് പോലീസ് സ്റ്റേഷനിൽ.

(എഫ്) 24-5-1982-ൽ.

ഹസ്സൻ ബാവയുടെ കൊലപാതകം

1720 [2588] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1982 മേയ് 24-ാം തീയതി പേരൂർക്കടയിൽവെച്ച് ഹസ്സൻ ബാവ എന്നയാളെ കൊലപ്പെടുത്തിയത് സംബന്ധിച്ച് കേസ്സുകൾ എന്തെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേരുടെ പേരിൽ;

(സി) പ്രസ്തുത കേസ്സിന്റെ ക്രൈം നമ്പർ എത്ര?

ഉത്തരം

(എ) പേരൂർക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 117/82 അൺനാച്ചറൽ ഡത്ത് എന്ന ശീർഷകത്തിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ആരേയും പ്രതിയായി കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) (എ) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ജനകീയ പ്രകടനങ്ങൾക്ക് നേരേ നടത്തിയ വെടിവെയ്പ്പുകൾ

1721 [2590] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനകീയ പ്രകടനങ്ങൾക്കു നേരേ എത്ര വെടിവയ്പ്പുകൾ നടന്നിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വെടിവയ്പിനു് ഉത്തരവാദികളായ പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു്;

(സി) എത്ര പേരെ സസ്പെൻഡ് ചെയ്തിട്ടുണ്ടു്;

(ഡി) സസ്പെൻഡ് ചെയ്തവരിൽ എത്ര പേരെ തിരിച്ചു് എടുത്തിട്ടുണ്ടു്;

(ഇ) ഇപ്പോൾ സസ്പെൻഷനിലുള്ളവരെത്ര?

ഉത്തരം

(എ) അക്രമാസക്തമായ ജനക്കൂട്ടത്തെ പിരിച്ചുവിടാൻ പ്രാവശ്യം.

(ബി, സി, ഡി) ഒരു എസ്. ഐ.യെ സസ്പെൻഡ് ചെയ്യുകയുണ്ടായിട്ടുണ്ടു്.

(ഇ) ആരുമില്ല.

ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനു് നടത്തിയ പോലീസ് വെടിവെപ്പുകൾ

1722 [2591] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനക്കൂട്ടത്തെ പിരിച്ചുവിടുന്നതിനു് എത്ര വെടിവെപ്പുകൾ നടത്തിയിട്ടുണ്ടു്;

(ബി) ഇതു് സംബന്ധിച്ചു് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്;

(സി) വെടിവെപ്പിനു ഉത്തരവാദികളായ എത്ര പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചു;

(ഡി) ഇതിൽ എത്ര പേർ ഇപ്പോൾ സസ്പെൻഷനിലുണ്ടു്;

(ഇ) എത്ര പേരെ തിരിച്ചെടുത്തിട്ടുണ്ടു്?

ഉത്തരം

(എ) 40.

(ബി) 44 കേസുകൾ.

(സി) 8 പോലീസ് ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിച്ചു.

(ഡി) 6 പേർ ഇപ്പോൾ സസ്പെൻഷനിലുണ്ടു്.

(ഇ) ഒരാളെ തിരിച്ചെടുത്തു.

LIBRARY ARCHIVES Kerala Legislative Assembly